ശ്രീ. ആർ. സുഗതൻ: ഈ ട്രെയിനിംഗിനു് എടുത്തതു് തന്നെ ഒരു വില്ലേജിൽ 20 പേരെയാണു്. അവരെ ഗ്രൂപ്പായി സംഘടിപ്പിക്കുമ്പോൾ രാഷ്ട്രീയ പരിഗണന കാണിക്കുന്ന എന്നു വല്ല പരാതിയും ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ? അതേപ്പറ്റി അന്വേഷിച്ചു് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ യാതൊരു രാഷ്ട്രീയപരിഗണനയും ഉണ്ടായിട്ടില്ലെന്നുള്ള കാര്യം വ്യക്തമായി പറയുവാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ തന്നെ സെലക്ഷൻ കമ്മറ്റി അംഗമാണല്ലൊ.

ശ്രീ. എൻ. ഈ. ബലറാം: കോവാപ്പറേറ്റീവു് മേഖലയിൽതന്നെ ഈ ബോട്ടുവിതരണം നടത്തണമെന്നുള്ള കാര്യം ഇൻഡ്യാഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തുകയും, സ്വകാര്യവ്യക്തികൾക്കു് ലൈസൻസു് കൊടുക്കാതിരിക്കുകയും ചെയ്യുന്നതിനു് ഈ ഗവണ്മെൻറു് ഇൻഡ്യാഗവണ്മെൻറിനോടു് നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: സ്വകാര്യ വ്യക്തികൾക്കു് ലൈസൻസു് കൊടുക്കുന്നില്ല. അവർ വിദേശരാജ്യങ്ങളിലേക്കു് ഇവിടെയുള്ള മത്സ്യം അയക്കുന്നുണ്ടു്. അതിനവർക്കു് ലൈസൻസു് കൊടുക്കുന്നുണ്ടു്. അതു തടയുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ബോട്ടുകൾ കിട്ടുന്നതിനുവേണ്ടി ഒരു സഹകരണസംഘത്തിൻറെ സ്വഭാവമുണ്ടാകുകയും അങ്ങനെ ഗ്രൂപ്പു തിരിക്കുന്ന അവസരത്തിൽ പ്രത്യേകമായ താല്പര്യങ്ങളെ ബാധിക്കുകയും ചെയ്യുന്നതിൻറെ ഫലമായി ബോട്ടു് കിട്ടിക്കഴിഞ്ഞാൽ യഥാർത്ഥത്തിൽ സഹകരണാടിസ്ഥാനത്തിൽ നടക്കുന്നില്ലെന്നുള്ള വല്ല ആക്ഷേപവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ ആക്ഷേപമൊന്നും ഗവണ്മെൻറിനു കിട്ടിയിട്ടില്ല.

മൂന്നാംപദ്ധതി.

* 924. [14] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പദ്ധതിയിൽ അടുത്ത സാമ്പത്തികവർഷത്തിലേക്കു് സംസ്ഥാനത്തിനു് മൊത്തം എത്ര രൂപയാണു് അലോട്ടു ചെയ്തിട്ടുള്ളതു്;

(ബി) ഓരോ ഇനത്തിലും എത്ര രൂപവീതമാണു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) മൂന്നാംപദ്ധതിയുടെ നാലാംവർഷത്തേക്കു് മൊത്തം 50.14 കോടി രൂപയാണു് 1964–65–ലെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളതു്. സംസ്ഥാനങ്ങൾക്കു് നൽകിയിട്ടുള്ള ''തേഡ് ഫൈവു് ഇയർപ്ലാൻ 1961–66 ഫോർത്തു് ഇയേഴ്സ് പ്രോഗ്രാം 1964–65'' എന്ന ബുക്കിൽ വിശദവിവരങ്ങൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള: അടുത്ത സാമ്പത്തിക വർഷത്തിലേക്കു് പ്ലാൻ സൈറ്റിലേയിൽ മേജർ ഇറിഗേഷൻ എന്ന ഇനത്തിൽ നമുക്കു അലോട്ടു് ചെയ്തിട്ടുള്ള തുക വളരെ തുച്ഛമായതുകൊണ്ടു് ഇവിടെ തുടങ്ങിവച്ചിട്ടുള്ളതായ പണികൾ നിറുത്തി വയ്ക്കേണ്ടതായി വരുമെന്നുള്ളതുകൊണ്ടു് കല്ലട തുടങ്ങിയുള്ള വൻകിട ജലസേചനപദ്ധതികൾക്കു് കൂടുതൽ തുക അടുത്ത സാമ്പത്തിക വർഷത്തിൽ കിട്ടത്തക്ക രീതിയിൽ ആവശ്യമായ നടപടികൾ ഈ ഗവണ്മെൻറു് സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: വൻകിട ജലസേചന പദ്ധതികളിൽ കല്ലടപദ്ധതി ആരംഭിക്കുവാൻ സാധിക്കുമോ എന്നു മനഃപൂർവ്വം ഗവണ്മെൻറു് ശ്രമിച്ചുനോക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പദ്ധതിയിൽ വകയിരുത്തിയ സംഖ്യയിൽ മുഴുവൻതന്നെ കേന്ദ്ര അലോട്ടുമെന്റ് കിട്ടുമോ എന്നുള്ള കാര്യത്തിൽ മന്ത്രി ഇവിടെ സംശയം പ്രകടിപ്പിക്കുകയുണ്ടായി. അതേപ്പറ്റി വീണ്ടും കേന്ദ്രത്തോട് നിവേദനം നടത്തിയിട്ടുണ്ടെന്നു ഇവിടെ പറയുകയുണ്ടായി. കൂടുതൽ വല്ല വിവരവും ഈ ഗവണ്മെന്റിനു് ഇപ്പോൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ നിവേദനം നടത്തിയെങ്കിലും വ്യക്തമായ ഒരു മറുപടി ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. ഈ പി. ഗോപാലൻ : സർ, ഈ അടുത്ത സാമ്പത്തിക വർഷത്തിൽ മേജർ പദ്ധതികൾക്കു നീക്കിവച്ചിട്ടുള്ള സംഖ്യയിൽ കേന്ദ്രവിഹിതം എത്രയാണെന്നറിവില്ല എന്നു പറഞ്ഞു. വളരെ പ്രധാനപ്പെട്ട ചില പദ്ധതികൾക്കു് വരുന്ന സാമ്പത്തിക വർഷത്തിൽ നാമമാത്രമായി മാത്രമേ തുക വച്ചിട്ടുള്ളൂ. അവയുടെ അഭിവൃദ്ധിയുടെ കാര്യത്തിൽ വളരെ പ്രാധാന്യം ഉണ്ടെന്നുള്ളതു പരിഗണിച്ചു കേന്ദ്ര ഗവണ്മെന്റുമായി ആലോചിച്ചു് കല്പട, കാഞ്ഞിരംപുഴ തുടങ്ങിയ പദ്ധതികൾക്കു മുൻകൈ എടുക്കുന്നതിനു ശ്രമിക്കുമോ?

ശ്രീ. ആർ. ശങ്കർ : ഈ പദ്ധതികൾക്കു അവസാന രൂപം നൽകുന്നതിനു വേണ്ടി ഇൻഡ്യാ ഗവണ്മെന്റും പ്ലാനിംഗ് കമ്മീഷന്റെ പ്രതിനിധിയും സ്റ്റേറ്റു ഗവണ്മെന്റിന്റെ പ്രതിനിധിയുമായി വളരെയേറെ ചർച്ചകൾ നടത്തിയതിന്റെ ഫലമായിട്ടാണു് കൂടുതൽ പണം നീക്കിവയ്ക്കണമെന്ന നിവേദനം നടത്തിയിരിക്കുന്നതു്. ഒടുവിൽ സ്വീകരിച്ചിരിക്കുന്നതു് ഇപ്പോൾ ഉള്ള തുക മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ എന്നാണു്. അതുവച്ചു ഗവണ്മെന്റു ഫലപ്രദമായി ഉപയോഗിക്കാമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ. സി. അച്യുതമേനോൻ : പ്ലാനിംഗ് കമ്മീഷനുമായി ആദ്യം നടന്ന ചർച്ചയുടെ തീരുമാനത്തിൽ പിന്നീടു ഭേദഗതി വരുത്തിയെന്നു പറയുകയുണ്ടായി. ഇപ്പോൾ അതിനെതിരായി നിവേദനം നടത്തി എന്നും പറഞ്ഞു, ഈ ഭേദഗതി നമ്മുടെ സ്റ്റേറിനുമാത്രമേ ബാധകമാവുകയുള്ളോ, അതോ മറ്റു സ്റ്റേറുകൾക്കും ബാധകമാവുമോ?

ശ്രീ. ആർ. ശങ്കർ : ഇവിടെ സ്ഥിതി വ്യത്യസ്തമല്ല. മറ്റു പല സ്റ്റേറുകളിലും പ്ലാനിംഗ് കമ്മീഷൻ ഫൈനാൻസ് മിനിസ്ട്രിയുമായി ആലോചിച്ചു അവസാനം അവർ കൈക്കൊണ്ട കണക്കുകൾ അനുസരിച്ചു് ഓരോ സ്റ്റേറിലും നൽകാമെന്നു ഏറ്റിരുന്ന ഷെയറിൽ അൽപ്പം കുറവു ചെയ്യേണ്ടിവരുമെന്നു എടുത്ത നിർദ്ദേശം പ്ലാനിംഗ് കമ്മീഷൻ ഗവണ്മെന്റിനെ അറിയിക്കുകയാണു് ചെയ്തിരിക്കുന്നതു്. നമുക്കുള്ള സെൻട്രൽ ഷെയർ 29 5 കോടി രൂപയാണു് എന്നാണു് പ്ലാനിംഗ് കമ്മീഷൻ ആദ്യം തീരുമാനിച്ചിരുന്നതു്. ഇപ്പോൾ അതുപയും തുക തരുന്നതിനു വിഷമം ഉണ്ടാകുമെന്നും 26·2 കോടി രൂപ മാത്രമേ തരാൻ സാധിക്കുകയുള്ളൂ എന്നും അതിനനുസരിച്ചു് പ്ലാനിൽ മാറ്റം വരുത്തണമെന്നും നമ്മെ അറിയിച്ചു. അങ്ങനെ മാറ്റം വരുത്തുവാൻ പ്രയാസമാണെന്നും ആദ്യം അനുവദിച്ച എല്ലാ തുകയും ഉപയോഗത്തിലാക്കാണു് പദ്ധതികളുടെ പ്രവർത്തനം എടുത്തിരിക്കുകയാണെന്നും അതുകൊണ്ടു് ഈ തീരുമാനം ഒന്നു പുനഃപരിശോധന ചെയ്യണമെന്നും ആദ്യത്തെ തുകതന്നെ നൽകണമെന്നും കേന്ദ്രത്തിൽ ശക്തിയായി നിവേദനം നടത്തിയിരിക്കുകയാണു്.

ട്രിവാൻഡ്രം സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ്

* 925. [15] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ട്രിവാൻഡ്രം സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിനു് നാളിതുവരെ ഗവണ്മെന്റിൽനിന്നും നൽകിയ തുക എത്ര;

LIBRARY ARCHIVES Kerala Legislative Assembly